*നം .ഇ.എക്സ്.എ6/23388/2020/സി.ജി.ഇ*

*പരീക്ഷാകമ്മീഷണറുടെ കാര്യാലയം,*
*പരീക്ഷാഭവൻ, പൂജപ്പുര,*
*തിരുവനന്തപുരം-12,*
*തീയതി: 03/04/2021*

## സർക്കുലർ

വിഷയം:-പൊ.വി. –പരീക്ഷാഭവൻ- **അറബിക് അദ്ധ്യാപക (സപ്ലിമെന്ററി)പരീക്ഷ ഡിസംബർ 2020 –ഉത്തരക്കടലാസിന്റെ സ്ക്രൂട്ടണിയ്ക്ക് അപേക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്-** സംബന്ധിച്ച്

സൂചന:- **1)** 14/10/2020 തീയതിയിലെ അറബിക് അദ്ധ്യാപക (സപ്ലിമെന്ററി)പരീക്ഷാ വിജ്ഞാപനം.
**2)** സർക്കാർ കത്ത് നം.ജെ3/80/2020/പൊ.വി.വ തീയതി 17.08.2020
**3)** 31.03.2021 ന് പരീക്ഷാഭവന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച പരീക്ഷാഫലം.

സൂചന (1) പ്രകാരം നടത്തിയ അറബിക് അദ്ധ്യാപക പരീക്ഷയുടെ റിസൾട്ടിന്റെ വിവരങ്ങൾ സൂചന (3) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി പരീക്ഷയുടെ ഉത്തരക്കടലാസിന്റെ സ്ക്രൂട്ടണി നടത്തുന്നതിന് അപേക്ഷകൾ നിർദ്ദിഷ്ട മാതൃകയിൽ ***2021 ഏപ്രിൽ 12 വൈകുന്നേരം 5 മണിവരെ*** പരീക്ഷ എഴുതിയ കേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടിന് സമർപ്പിക്കേണ്ടതും ലഭ്യമായ അപേക്ഷകൾ ചീഫ് സൂപ്രണ്ടുമാർ പരിശോധിച്ചശേഷം ***2021 ഏപ്രിൽ 16 വൈകുന്നേരം 5 മണിക്കുള്ളിൽ*** പരീക്ഷാഭവനിൽ ലഭ്യമാക്കേണ്ടതുമാണ്. ***ഒരു പേപ്പറിന് 25/- രൂപ വിതം 0202-01-102-92 അദർ റസിപ്റ്റ്സ്*** എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ട്രഷറിയിൽ ഒടുക്കി ചെലാൻ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. ക്രോഡീകരിച്ച അപേക്ഷകൾ ചീഫ് സൂപ്രണ്ടുമാർ തപാൽ മാർഗ്ഗമാണ് അയക്കുന്നതെങ്കിൽ കവറിന് പുറത്ത് ***അറബിക് അദ്ധ്യാപക (സപ്ലിമെന്ററി) പരീക്ഷ ഡിസംബർ 2020*** എന്ന് രേഖപ്പെടുത്തേണ്ടതും ***സൂപ്രണ്ട്, എ സെക്ഷൻ, പരീക്ഷാഭവൻ, പൂജപ്പുര തിരുവനന്തപുരം 12*** എന്ന വിലാസത്തിൽ അയക്കേണ്ടതുമാണ്. ***പരീക്ഷാ വിജ്ഞാപനത്തിൽ അനുബന്ധം (4)*** ആയി കാണിച്ചിരിക്കുന്ന നിർദ്ദിഷ്ട ഫാറത്തിൽ മാത്രമേ സ്ക്രൂട്ടണിയ്ക്കായുള്ള അപേക്ഷകൾ സമർപ്പിക്കുവാൻ പാടുള്ളൂ. നിർദ്ദിഷ്ട ഫാറത്തിൽ ലഭിക്കാത്തതും, ഫീസ് ഒടുക്കാത്തതും, പൂർണ്ണമായി വിവരങ്ങൾ രേഖപ്പെടുത്താത്തതും, തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തിയതും, നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കാത്തതുമായ അപേക്ഷകൾ മറ്റൊരു അറിയിപ്പു കൂടാതെ തന്നെ ഈ ഓഫീസ് നിരസിക്കുന്നതാണ്.

**ലാൽ. കെ. ഐ**
**സെക്രട്ടറി**

1. എല്ലാ പരീക്ഷാ കേന്ദ്രങ്ങളിലേയും ചീഫ് സൂപ്രണ്ടുമാർക്കും
2. സിസ്റ്റം മാനേജർ (പരീക്ഷാഭവന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാനുള്ള നിർദ്ദേശം നൽകുന്നു.)
3. സൂപ്രണ്ട്, എച്ച് സെക്ഷൻ
4. കരുതൽ ഫയൽ